"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി- സംസ്ഥാനത്ത് നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (NDPS) കേസുകളുടെ വിചാരണയ്ക്കായി തിരുവനന്തപുരം, എറണാകുളം ജുഡീഷ്യൽ ജില്ലകളിൽ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നത്- അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.28/2026/HOME തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:-

1. ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) 05.02.2024 തീയതിയിലെ D7(B)-4607/2021/DII-3 നമ്പർ കത്ത്
2. W.P(C) no. 29179/2025-ൽ ബഹു. ഹൈക്കോടതിയുടെ 25.09.2025 തീയതിയിലെ ഇടക്കാല ഉത്തരവ്

**ഉത്തരവ്**

വിവിധ ബാർ അസോസിയേഷനുകളുടെ അഭ്യർത്ഥനകൾ പരിഗണിച്ചും സംസ്ഥാനത്തുടനീളം തീർപ്പാക്കുവാൻ ശേഷിക്കുന്ന എൻഡിപിഎസ് കേസുകളുടെ എണ്ണവും പരിശോധിച്ച്, എൻഡിപിഎസ് പ്രത്യേക കോടതികൾ നിലവിൽ പ്രവർത്തിക്കുന്ന തൊടുപുഴ, കോഴിക്കോട് ഒഴികെയുള്ള എല്ലാ ജുഡീഷ്യൽ ജില്ലകളിലും 1 3 പുതിയ തസ്തികകൾ സൃഷ്ടിച്ച് കൊണ്ട് എൻഡിപിഎസ് പ്രത്യേക കോടതികൾ സ്ഥാപിക്കാൻ പരാമർശം (1) പ്രകാരം ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) ശിപാർശ ചെയ്തിരുന്നു. തീർപ്പാക്കുവാൻ ശേഷിക്കുന്ന എൻഡിപിഎസ് കേസുകളുടെ അടിസ്ഥാനത്തിൽ, ചുവടെപ്പറയുന്ന മുൻഗണനാ ക്രമം നിർദ്ദേശിക്കുകയും അതനുസരിച്ച് എൻഡിപിഎസ് പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഹൈക്കോടതി ആവശ്യപ്പെടുകയും ചെയ്തിരുന്നു.

| മുൻഗണനാക്രമം | ജുഡീഷ്യൽ ജില്ല |
|---|---|
| 1 | തിരുവനന്തപുരം |
| 2 | എറണാകുളം |

| | |
|---|---|
| 3 | പാലക്കാട് |
| 4 | മഞ്ചേരി |
| 5 | തൃശ്ശൂർ |
| 6 | ആലപ്പുഴ |
| 7 | കൊല്ലം |
| 8 | കാസറഗോഡ് |
| 9 | തലശ്ശേരി |
| 10 | കൽപ്പറ്റ |
| 11 | കോട്ടയം |
| 12 | പത്തനംതിട്ട |

2) സംസ്ഥാനത്ത് നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (NDPS) കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി സ്വമേധയാ എടുത്ത 29179/2025 നമ്പർ റിട്ട് ഹർജിയിന്മേൽ 25.09.2025 തീയതിയിലെ ഇടക്കാല ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം നിർദ്ദേശിച്ചിരുന്നു.

*"Considering the necessity of effectively dealing with the issue of drug abuse, its deleterious effects, and the need to strengthen the penal framework, and that the establishment of Special Courts will enable speedy trial of such cases, we expect a positive response from the State Government on the next date of hearing."*

3 ) തീർപ്പാക്കാൻ ശേഷിക്കുന്ന എൻഡിപിഎസ് കേസുകളുടെ എണ്ണവും ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) പരാമർശം (1) പ്രകാരം നൽകിയ മുൻഗണനാക്രമവും, ബഹു.ഹൈക്കോടതിയുടെ പരാമർശം (2) ലെ നിർദ്ദേശവും കണക്കിലെടുത്ത്, തിരുവനന്തപുരത്തും എറണാകുളത്തും പ്രത്യേക എൻഡിപിഎസ് കോടതികൾ സ്ഥാപിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം, എറണാകുളം ജുഡീഷ്യൽ ജില്ലകളിൽ എൻഡിപിഎസ് കേസുകളുടെ വിചാരണയ്ക്കായി ചുവടെ വിശദീകരിച്ചിട്ടുള്ളതുപോലെ ഓരോ കോടതിയിലും 4 പുതിയ തസ്തികകൾ ഉൾപ്പെടെ സൃഷ്ടിച്ചു കൊണ്ടുള്ള സ്റ്റാഫ് പാറ്റേൺ അനുവദിച്ച് പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം (ഓരോ കോടതിയിലും) | നിയമന രീതി |
|---|---|---|---|
| 1 | സ്പെഷ്യൽ ജഡ്ജ് | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 2 | ശിരസ്തദാർ | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 3 | സീനിയർ സൂപ്രണ്ട് | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 4 | ബഞ്ച് ക്ലാർക്ക് | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 5 | ക്ലാർക്ക് | 2 | താൽകാലിക/കരാർ നിയമനം |
| 6 | ടൈപ്പിസ്റ്റ് | 1 | താൽകാലിക/കരാർ നിയമനം |
| 7 | ഓഫീസ് അറ്റൻഡന്റ് | 3 | താൽകാലിക/കരാർ നിയമനം |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 1 | പുനർവിന്യാസം മുഖേന |
| 9 | ഡഫേദാർ | 1 | പുനർവിന്യാസം മുഖേന |
| 10 | കോർട്ട് കീപ്പർ | 1 | പുനർവിന്യാസം മുഖേന |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം.നം.3656 തീയതി 11.02.2026)

ധനകാര്യ വകുപ്പ് (3295648/Exp-D2/224/2025/Fin dated 17.12.2025 )

വെബ്ബ് & ന്യൂ മീഡിയ, ഐ&പിആർഡി (ഗവ.വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (സി1/150/2025/ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

Signed by
Siju P
Date: 13-02-2026 17:23:39

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 11-02-2026**

ഫയൽ നം. സി1/150/2025/ആഭ്യന്തരം.　　　　ഇനം നം: 3656

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - സംസ്ഥാനത്ത് നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (NDPS) കേസുകളുടെ വിചാരണയ്ക്കായി തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3656

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി1/150/2025/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി -സംസ്ഥാനത്ത് നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (NDPS) കേസുകളുടെ വിചാരണയ്ക്കായി തിരുവനന്തപുരം എറണാകുളം എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04/02/2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ ജി.ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06/02/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 10.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്ത് നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (NDPS) കേസുകളുടെ വിചാരണയ്ക്കായി തിരുവനന്തപുരം, എറണാകുളം എന്നീ ജുഡീഷ്യൽ ജില്ലകളിൽ പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2)വിവിധ ബാർ അസോസിയേഷനുകളുടെ അഭ്യർത്ഥനകൾ പരിഗണിച്ചും സംസ്ഥാനത്തുടനീളം തീർപ്പാക്കുവാൻ ശേഷിക്കുന്ന എൻഡിപിഎസ് കേസുകളുടെ എണ്ണവും പരിശോധിച്ച്, എൻഡിപിഎസ് പ്രത്യേക കോടതികൾ നിലവിൽ പ്രവർത്തിക്കുന്ന തൊടുപുഴ, കോഴിക്കോട് ഒഴികെയുള്ള എല്ലാ ജുഡീഷ്യൽ ജില്ലകളിലും 13 പുതിയ തസ്തികകൾ സൃഷ്ടിച്ച് കൊണ്ട് എൻഡിപിഎസ് പ്രത്യേക കോടതികൾ സ്ഥാപിക്കാൻ 05.02.2024 ലെ കത്ത് പ്രകാരം ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) ശിപാർശ ചെയ്തിട്ടുണ്ട്. തീർപ്പാക്കുവാൻ ശേഷിക്കുന്ന എൻഡിപിഎസ് കേസുകളുടെ അടിസ്ഥാനത്തിൽ, ചുവടെപ്പറയുന്ന മുൻഗണനാ ക്രമം നിർദ്ദേശിക്കുകയും അതനുസരിച്ച് എൻഡിപിഎസ് പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഹൈക്കോടതി അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്;

| മുൻഗണനാക്രമം | ജുഡീഷ്യൽ ജില്ല |
|---|---|
| 1 | തിരുവനന്തപുരം |
| 2 | എറണാകുളം |
| 3 | പാലക്കാട് |
| 4 | മഞ്ചേരി |
| 5 | തൃശ്ശൂർ |
| 6 | ആലപ്പുഴ |
| 7 | കൊല്ലം |
| 8 | കാസറഗോഡ് |
| 9 | തലശ്ശേരി |
| 10 | കൽപ്പറ്റ |

| | |
|---|---|
| 11 | കോട്ടയം |
| 12 | പത്തനംതിട്ട |

2) ഇതേസമയം സംസ്ഥാനത്ത് നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (NDPS) കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി സ്വമേധയാ എടുത്ത 29179/2025 നമ്പർ റിട്ട് ഹർജിയിന്മേൽ 25.09.2025 ലെ ഇടക്കാല ഉത്തരവ് ചുവടെ ചേർക്കുന്നു

*"Considering the necessity of effectively dealing with the issue of drug abuse, its deleterious effects, and the need to strengthen the penal framework, and that the establishment of Special Courts will enable speedy trial of such cases, we expect a positive response from the State Government on the next date of hearing. The case is posted on 30.10.2025."*

3) തീർപ്പാക്കാൻ ശേഷിക്കുന്ന എൻഡിപിഎസ് കേസുകളുടെ എണ്ണവും ഹൈക്കോടതി സൂചിപ്പിച്ച മുൻഗണനാക്രമവും കണക്കിലെടുത്ത്, തിരുവനന്തപുരത്തും എറണാകുളത്തും രണ്ട് പ്രത്യേക എൻഡിപിഎസ് കോടതികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു;

*"Finance agrees to accord sanction for establishing two Special NDPS Courts in Ernakulam and Thiruvananthapuram Districts by sanctioning the post of Special Judge-1, Sheristadar-1, Senior Superintendent-1 & Bench Clerk-1.*

*AD is also requested to fill remaining posts through redeployment and by appointing persons on contract basis (Clerk, Typist, OA).*

*This has approval of Hon'ble Minister (Fin)"*

4) തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ എൻഡിപിഎസ് കേസുകളുടെ വിചാരണയ്ക്കായി ചുവടെ ചേർത്തിട്ടുള്ള പ്രകാരം പുതിയ തസ്തികകൾ ഉൾപ്പെടെ സൃഷ്ടിച്ച

കൊണ്ടുള്ള സ്റ്റാഫ് പാറ്റേൺ അനുവദിച്ച് പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശ സഹിതം ഫയൽ ചംക്രമണം ചെയ്തപ്പോൾ, ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം (ഓരോ കോടതിയിലും) | നിയമന രീതി |
|---|---|---|---|
| 1 | സ്പെഷ്യൽ ജഡ്ജ് | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 2 | ശിരസ്തദാർ | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 3 | സീനിയർ സൂപ്രണ്ട് | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 4 | ബെഞ്ച് ക്ലാർക്ക് | 1 | പുതിയ തസ്തിക സൃഷ്ടിക്കൽ |
| 5 | ക്ലാർക്ക് | 2 | താൽകാലിക/കരാർ നിയമനം |
| 6 | ടൈപ്പിസ്റ്റ് | 1 | താൽകാലിക/കരാർ നിയമനം |
| 7 | ഓഫീസ് അറ്റൻഡന്റ് | 3 | താൽകാലിക/കരാർ നിയമനം |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 1 | പുനർവിന്യാസം മുഖേന |
| 9 | ഡഫേദാർ | 1 | പുനർവിന്യാസം മുഖേന |
| 10 | കോർട്ട് കീപ്പർ | 1 | പുനർവിന്യാസം മുഖേന |

## *തീരുമാനിക്കേണ്ട വിഷയം*

തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ എൻഡിപിഎസ് കേസുകളുടെ വിചാരണയ്ക്കായി മുകളിൽ വിശദീകരിച്ചിട്ടുള്ളതുപോലെ 4 പുതിയ തസ്തികകൾ ഉൾപ്പെടെ സൃഷ്ടിച്ച കൊണ്ടുള്ള സ്റ്റാഫ് പാറ്റേൺ അനുവദിച്ച് പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് അനുമതി നൽകാമോ?